# ACADEMIC MASTER PLAN 2025 - 26



# K.M.M.L.P. SCHOOL

VATANAPPALLI-680614, THRISSUR -KERALA
E-mail:kmmlpsvadanappally@gmail.com

## ഉള്ളടക്കം

1. ആമുഖം

2. പൊതുലക്ഷ്യം

3. നിലവിലെ അവസ്ഥ

4. പരിമിതികൾ

5. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ (അക്കാദമികം)
    - സയൻസ്
    - ഇതരഭാഷ
    - സാമൂഹികം
    - ഐ ടി
    - ജൈവവൈവിദ്ധ്യം
    - കലാകായികം
    - ഗണിതം
    - ക്ലാസ്സ് ലൈബ്രറി
    - ഇംഗ്ലീഷ്
    - മലയാളം

6. പ്രതീക്ഷിത നേട്ടം

7. മോണിറ്ററിംഗ് രീതി

8. ക്ലാസ്സ് അക്കാദമിക മാസ്റ്റർ പ്ലാനുകൾ
    - ആമുഖം
    - ക്ലാസ്സ് 1
    - ക്ലാസ്സ് 2
    - ക്ലാസ്സ് 3
    - ക്ലാസ്സ് 4

9. ഉപസംഹാരം

## ആമുഖം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ പട്ടണത്തിൽ നിന്ന് 15 കി.മീ. പടിഞ്ഞാറ് സ്ഥിതിചെയ്യുന്നു. പ്രകൃതിരമണീയമായ തീരപ്രദേശ ഗ്രാമമാണ് വാടാനപ്പള്ളി. അവിടെ നിന്ന് 3 കി.മീ. മാറി കടലോരഗ്രാമമായ പൊക്കാഞ്ചേരി റോഡരികെയായി കദീജുമ്മ മെമ്മോറിയൽ മാപ്പിള എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1937 ജനുവരി 30ാം തിയ്യതിയാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. യശ്ശശരീരനായ ജനാബ് പുത്തൻവീട്ടിൽ കിഴക്കേതിൽ മുഹമ്മദുണ്ണി സാഹേബ് ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 1 മുതൽ 5 വരെ ക്ലാസ്സുകളാണ് ആദ്യകാലങ്ങളിൽ ഇവിടെ ഉണ്ടായത്.

## ചരിത്ര പശ്ചാത്തലം

കദീജുമ്മ മെമ്മോറിയൽ മാപ്പിള എൽ.പി. സ്കൂൾ സ്ഥാപിക്കപ്പെടുന്നത് 1937 ജനുവരി 30ാം തിയ്യതിയാണ്. മദിരാശി സംസ്ഥാനത്തിൽ മലബാർ ജില്ലയുടെ ഭാഗമായിരുന്ന ചേറ്റുവ മണപ്പുറത്ത് വടക്കുനിന്ന് രണ്ടാമത് റവന്യൂ വില്ലേജായി വാടാനപ്പള്ളി സ്ഥിതി ചെയ്യുന്നു. ആ കാലത്ത് മണപ്പുറം പ്രദേശം പൊന്നാനി താലൂക്കിന്റെ ഭാഗമായിരുന്നത്. 1962 ജനുവരി 1ാം തിയ്യതിയാണ് വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിച്ചത്.

നാട്ടിക മണപ്പുറത്തിന്റെ ഭാഗമായ വാടാനപ്പള്ളി തികച്ചും ഒരു ഗ്രാമമായിരുന്നു. ധാരാളം നെൽവയലുകൾ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ജനങ്ങൾക്കാവശ്യമായ പച്ചക്കറികൾ ഇവിടെ തന്നെ ഉല്പാദിപ്പിച്ചിരുന്നു. തീരപ്രദേശത്തെ പ്രധാന തൊഴിൽ മത്സ്യബന്ധനവും തൊണ്ടുതല്ലലും ചകിരി പിരിക്കലുമായിരുന്നു. ജനങ്ങളിൽ 85% പേരും ദാരിദ്രരേഖക്ക് താഴെ ഉള്ളവരായിരുന്നു. സാക്ഷരത 20% മാത്രം ആയിരുന്നു. റോഡും

വാഹനസൗകര്യങ്ങളും വളരെ കുറവായിരുന്നു. കാൽനടയായാണ് ആളുകൾ സഞ്ചരിച്ചിരുന്നത്.

ഗ്രാമീണ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ഉണർവ്വിന് അക്ഷര വെളിച്ചം പകരാനായി ആദ്യവിദ്യാലയം കദീജുമ്മ മെമ്മോറിയൽ എൽ.പി. സ്കൂൾ എന്ന പേരിൽ ജനാബ് പുത്തൻവീട്ടിൽ കിഴക്കേതിൽ മുഹമ്മദുണ്ണി സാഹേബ് 1937 ജനുവരി 3ന് പ്രവർത്തനം ആരംഭിച്ചു. 1949 മുഹമ്മദുണ്ണി സാഹേബ് തന്റെ വിദ്യാലയത്തിന്റെ മാനേജർ സ്ഥാനം ചക്കാമഠത്തിൽ ശ്രീശങ്കരൻ അവർകൾക്ക് കൈമാറി. 1966ൽ മാനേജർ ശ്രീ. സി.കെ. ശങ്കരൻ അവർകൾക്ക് വിദ്യാലയവും മാനേജർ സ്ഥാനവും കൈമാറി. പിതാവിന്റെ മരണശേഷം 1985 മുതൽ മകൻ സി.ആർ. കൃഷ്ണകുമാർ ഈ സ്ഥാനത്ത് തുടർന്നു വരുന്നു. ഈ വിദ്യാലയത്തിൽ നിന്ന് കുട്ടികൾക്ക് വിദ്യയുടെ ആദ്യാക്ഷരം പകർന്നു നൽകിയ പലരും സമൂഹത്തിന്റെ വിവിധ മേഖലകളിലായി സേവനം അനുഷ്ഠിച്ചു വരുന്നു.

## പൊതുലക്ഷ്യങ്ങൾ

1. പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക.
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക.
3. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസ്സും ജൈവ വൈവിധ്യ ഉദ്യാനമാക്കുക.
4. വായനശാലയും ലബോറട്ടറിയും ആധുനികവത്കരിക്കുക.
5. വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക.
6. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുക.
7. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം.
8. പിന്നോക്കം നിൽക്കുന്നവർക്കു പ്രത്യേക പരിഗണന ഉറപ്പാക്കുക.
9. സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുക.
10. പാഠ്യേതരപ്രവർത്തന സൗകര്യങ്ങൾ
11. വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്കരണം (സ്ത്രീപുരുഷ സമത്വം)
12. ലഹരിവിരുദ്ധ മനോഭാവം വളർത്തുക.
13. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ്
14. കാർഷിക സംസ്കാരം വളർത്തുക.
15. ക്ലാസ്മുറി ഹൈടെക് ആക്കുക.
16. സ്കൂളുകളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക
17. സമഗ്ര വിദ്യാലയവികസന രൂപരേഖ.
18. നിലവാരമുള്ള അധ്യാപകപരിശീലനം.

## നിലവിലെ അവസ്ഥ

സാമ്പത്തികവും വിദ്യാഭ്യാസപരവുമായി വളരെ പിന്നോക്കാവസ്ഥയിലുള്ള സാമൂഹിക പശ്ചാത്തലമാണ് ഇവിടുത്തെ വിദ്യാർത്ഥികൾക്കുള്ളത്. കുട്ടികളുടെ സുഗമമായ അധ്യയനത്തിന് തടസ്സം നേരിടുന്ന ഒരുപാട് പോരായ്മകൾ നേരിടുന്ന ഒരു വിദ്യാലയമാണ് ഞങ്ങളുടേത്.

## പരിമിതികൾ

അടച്ചുറപ്പില്ലാത്ത ക്ലാസ്സ് മുറികൾ

ഇരിപ്പിട സൗകര്യങ്ങൾ

കുട്ടികളുടെ പാർക്കിന്റെയും ജൈവവൈവിധ്യപാർക്കിന്റെയും അപര്യാപ്തത.

എൽ.സി.ഡി. പ്രൊജക്ടിന്റെ കുറവ് ഹൈടെക് ക്ലാസ്സ് റൂമിന്റെ കുറവ്.

ആധുനിക സൗകര്യത്തോടുകൂടിയ അടുക്കളയുടെയും സ്റ്റോറുമിന്റെയും അപര്യാപ്തത.

മികച്ച ലൈബ്രറിയുടെയും ലബോറട്ടിയുടെയും കുറവ്.

## നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകർ | എണ്ണം |
|---|---|---|
| എൽ.പി. | ഹെഡ്മിസ്ട്രസ്സ് | 1 |
| | എൽ.പി.എസ്.എ | 3 |
| | അറബിക് | 1 |
| | ആകെ | 5 |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : സയൻസ്**

1. നിത്യജീവിതത്തിൽ ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്ന വിശകലനം നടത്താനും പരിഹരിക്കാനോ കഴിയുന്നില്ല.
2. നിത്യജീവിതത്തിൽ ശാസ്ത്രീയമനോഭാവം പുലർത്താനും സ്വന്തമായി പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ സാധിക്കുന്നില്ല.
3. ശാസ്ത്രപഠനങ്ങൾ ഫലപ്രദമായി വിനിമയം നടത്താൻ ആവശ്യമായ പഠനോപകരണങ്ങൾ വിവരവിനിമയ സാങ്കേതികവിദ്യകൾ, ശാസ്ത്രമൂല, സ്കൂൾ ലാബ്, ശാസ്ത്ര ലൈബ്രറി എന്നിവയുടെ അഭാവം മൂലം ശാസ്ത്രപഠനം ഫലപ്രദമാക്കാൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണം | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| അതാതു ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശാസ്ത്ര അഭിരുചി ആർജ്ജിക്കാൻ സാധിക്കുന്നില്ല. | അതാതു ക്ലാസ്സുകളിലെ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രീടെസ്റ്റ് നടത്തി കണ്ടെത്തൽ. | പ്രീടെസ്റ്റ് |
| നിത്യജീവിതത്തിൽ ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രശ്നവിശകലനം നടത്താനോ പരിഹരിക്കാനോ കഴിയുന്നില്ല. | ശില്പശാല സംഘടിപ്പിക്കുക, വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക. | ശാസ്ത്ര അധ്യാപകരുടെ കൂട്ടായ്മ ശാസ്ത്രാഭിരുചി വളർത്താൻ വിവര സാങ്കേതികവിദ്യയിൽ കൂടുതൽ ആഭിമുഖ്യം വളർത്തൽ. |
| നിത്യജീവിതത്തിൽ യുക്തി ബോധവും ശാസ്ത്രീയ മനോഭാവവും വളർത്താൻ വിദ്യാർത്ഥികൾക്ക് സ്കൂൾ ലാബ്, ശാസ്ത്ര ലൈബ്രറി എന്നിവ ഒരുക്കാൻ സാധിക്കുന്നില്ല. | എല്ലാ കുട്ടികൾക്കും യുക്തി ബോധവും ശാസ്ത്രീയമനോഭാവവും വളർത്തുന്നതിനായി സ്കൂൾ ലാബും സ്കൂൾ ലൈബ്രറിയും സജ്ജീകരിക്കുക. | സ്കൂൾ ലാബും സ്കൂൾ ലൈബ്രറിയും ശക്തിപ്പെടുത്തുക. |

## പരിഹാരപ്രവർത്തനങ്ങൾ

1 അതാതുക്ലാസ്സുകളിലെ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രീടെസ്റ്റ് നടത്തുക.

2 ശില്പശാല സംഘടിപ്പിക്കുക, വിവരസാങ്കേതികവിദ്യ ശക്തിപ്പെടുത്തുക.

3 എല്ലാ കുട്ടികൾക്കും ശാസ്ത്രീയമനോഭാവം വളർത്താൻ സ്കൂൾ ലാബും സ്കൂൾ ലൈബ്രറിയും വിപുലപ്പെടുത്തുക.

## പ്രവർത്തനപദ്ധതി വിശകലനം

**മേഖല : സയൻസ്**

പ്രശ്നം : പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുക.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിഷയസമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 500 രൂപ | പി.ടി.എ |
| പ്രീടെസ്റ്റ് ടൂൾ നിർമ്മാണം | വിഷയസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| പ്രീടെസ്റ്റ് നടപ്പാക്കൽ | ക്ലാസ് ടീച്ചർ | ജൂൺ | | |
| മൂല്യനിർണ്ണയം റിപ്പോർട്ട് അവതരണം. | എസ്.ആർ.ജി പി.ടി.എ. | ജൂൺ | 500 രൂപ | പി.ടി.എ |
| മോണിറ്ററിംഗ് | എച്ച്.എം, പി.ടി.എ, വികസനസമിതി | ജൂൺ | | |

## പ്രവർത്തനം : 2

വിവരസാങ്കേതികവിദ്യയിൽ ശില്പശാല സംഘടിപ്പിക്കൽ.

**ലക്ഷ്യം**

നിത്യജീവിതത്തിൽ ശാസ്ത്രീയമായ മനോഭാവം വളർത്താൻ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിലപശാല ആലോചനാ യോഗം. | വിഷയസമിതി | ആഗസ്റ്റ് | 2000 രൂപ | എസ്.എസ്.എ |
| പാഠപുസ്തകത്തിലെ ശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനമാക്കി ശില്പ ശാല. | വിഷയസമിതി | ആഗസ്റ്റ് | 2000 രൂപ | എസ്.എസ്.എ |
| റിപ്പോർട്ട് അവതരണം | വിഷയസമിതി | സെപ്തംബർ | 1000 രൂപ | എസ്.എസ്.എ |
| മോണിറ്ററിംഗ് | വിഷയസമിതി | ജൂലായ് - സെപ്തംബർ | | പി.ടി.എ, എസ്.എസ്.എ |

## പ്രവർത്തനം : 3

എല്ലാ കുട്ടികൾക്കും ശാസ്ത്രീയ മനോഭാവം വളർത്താൻ സ്കൂൾ ലൈബ്രറിയും സ്കൂൾ ലാബും വിപുലപ്പെടുത്തുക.

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും ശാസ്ത്രബോധം ഉറപ്പാക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സമിതി രൂപീകരണം | വിഷയസമിതി | ജൂലായ് | 500 രൂപ | പി.ടി.എ എസ്.എസ്.എ |
| ശാസ്ത്രപുസ്തക സമാഹരണം, സ്കൂൾ ലാബ് നവീകരണം. | പൂർവ്വ വിദ്യാർത്ഥികളും, പി.ടി.എ, ഒ.ടി.എ | ജൂൺ | 10000 രൂപ | ഒ.എസ്.എ, ഒ.ടി.എ, പി.ടി.എ, എസ്.എസ്.എ |
| പുസ്തകക്രമീകരണം, ലാബ് സജ്ജീകരിക്കൽ | ഒ.എസ്.എ, ഒ.ടി.എ, പി.ടി.എ, എസ്.എസ്.എ | ജൂൺ | 1000 രൂപ | ഒ.എസ്.എ, ഒ.ടി.എ, പി.ടി.എ, എസ്.എസ്.എ |
| മോണിറ്ററിംഗ് | എച്ച്.എം, ഒ.എസ്.എ, ഒ.ടി.എ, പി.ടി.എ, എസ്.എസ്.എ വിഷയസമിതി | ജൂൺ | | പി.ടി.എ |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : അറബിക്**

**പ്രശ്നം :**

1. വിദ്യാർത്ഥികൾക്ക് ഇതര ഭാഷകളിൽ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല.
2. വിവിധ ഭാഷകളിൽ അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കാൻ സാധിക്കുന്നില്ല.
3. നേരിടുന്ന പ്രശ്നങ്ങൾക്ക് ഗവേഷണാത്മകമായ പരിഹാരം കാണാൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണം | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| അതാതു ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട നിർദ്ദേശങ്ങൾ നേടിയിട്ടില്ല. | അതാതു ക്ലാസ്സുകളിലെ ഭാഷാനിലവാരം കണ്ടെത്തൽ. | ഉയർന്ന ഭാഷാശേഷി വികസനപരിപാടി, പ്രീടെസ്റ്റ്. |
| വിദ്യാർത്ഥികൾക്ക് അധിക ഭാഷ സർഗ്ഗാത്മക പ്രവർത്തനങ്ങളില്ല. | രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ | ഉയർന്ന ഭാഷാശേഷി വികസനത്തിനായി അധ്യാപക പരിശീലനം, ശില്പശാലകൾ. |
| സ്കൂൾ പ്രവർത്തനങ്ങളും പഠനാന്തരീക്ഷവും പരസ്പരപൂരകമായി മുന്നേറുന്നു. | വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ | പഠനത്തിൽ ഇതരഭാഷ അധ്യാപകരുടെ കൂട്ടായ്മയുടെ സാധ്യത പ്രയോജനപ്പെടുത്തുക, ശില്പശാലകൾ സംഘടിപ്പിക്കുക. |

## പരിഹാരപ്രവർത്തനങ്ങൾ

1 അതാതു ക്ലാസ്സിലെ ഇതരഭാഷ (അറബിക്) നിലവാരം കണ്ടെത്തുന്നു.

2 വിദ്യാർത്ഥികൾക്ക് ശില്പശാല സംഘടിപ്പിക്കുന്നു.

3. പഞ്ചായത്തിലെ ഇതരഭാഷ അധ്യാപക കൂട്ടായ്മയിൽ രക്ഷിതാക്കൾക്ക് ക്ലാസ്സ്, ശില്പശാലകൾ ഇവ നടത്തുന്നു.

## പ്രവർത്തനപദ്ധതി വിശകലനം

**മേഖല : ഇതര ഭാഷ - അറബിക്**

പ്രശ്നം : വിദ്യാർത്ഥികൾക്ക് ഇതര ഭാഷ പഠനത്തിൽ ആർജ്ജിക്കേണ്ട സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല.

ലക്ഷ്യം : ഇതര ഭാഷയിൽ ഉയർന്ന ശേഷി നേടൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിഷയസമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 500 രൂപ | പി.ടി.എ |
| പ്രീടെസ്റ്റ് നടത്തൽ | ഇതര ഭാഷ അധ്യാപകർ | ജൂൺ | - | - |
| പരിഹാരബോധന മൊഡ്യൂൾ തയ്യാറാക്കൽ | ഇതര ഭാഷ അധ്യാപകർ | ജൂൺ | 1500 രൂപ | പി.ടി.എ |
| മോണിറ്ററിംഗ് | എച്ച്.എം, പി.ടി.എ, ഇതര ഭാഷ അധ്യാപകൻ | ആഗസ്റ്റ് | - | പി.ടി.എ |

## പ്രവർത്തനം : 2

ഇതര ഭാഷയിൽ ഉയർന്ന ശേഷി വികസനത്തിനായി വിദ്യാർത്ഥികൾക്ക് സ്കൂൾ തല ശില്പശാലകൾ.

**ലക്ഷ്യം**

എല്ലാ വിദ്യാർത്ഥികൾക്കും ഉയർന്ന ഭാഷാശേഷി വികസനം ഉറപ്പാക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശില്പശാല ആലോചനാ യോഗം. | സ്കൂൾ തല വിഷയസമിതി | ആഗസ്റ്റ് | 1000 രൂപ | എസ്.എസ്.എ |
| പാഠപുസ്തകത്തിലെ കഥ, കവിത അടിസ്ഥാനമാക്കി ശില്പശാല. | സ്കൂൾ തല വിഷയസമിതി | സെപ്തം ബർ | 1500 രൂപ | എസ്.എസ്.എ |
| റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം | സ്കൂൾ തല വിഷയസമിതി | ഒക്ടോബർ | 500 രൂപ | എസ്.എസ്.എ |
| മോണിറ്ററിംഗ് | എച്ച്.എം. | ജൂലായ് - ഒക്ടോബർ | | പി.ടി.എ, എസ്.എസ്.എ |

## പ്രവർത്തനം : 3

രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ.

### ലക്ഷ്യം

സ്കൂൾതല പ്രവർത്തനങ്ങളും വീട്ടിലെ പഠനാന്തരീക്ഷവും പരസ്പരപൂരകമായി മുന്നേറുന്നതിനായി രക്ഷിതാക്കൾ നൽകേണ്ട പിന്തുണയെക്കുറിച്ചും വീട്ടിൽ ഒരുക്കേണ്ട പഠനാന്തരീക്ഷത്തെക്കുറിച്ചും രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **ആശയരൂപീകരണ ശില്പശാല പ്രവർത്തന രൂപരേഖ തയ്യാറാക്കൽ.** | പഞ്ചായത്ത് തല വിഷയ സമിതി | മെയ് | 1000 രൂപ | എസ്.എസ്.എ |
| **മികച്ച രക്ഷാകർത്തൃത്വം അടക്കം പാഠ്യപദ്ധതി സമീപനത്തിനനുസൃതമായി രക്ഷിതാക്കളുടെ ഇടപെടൽ ഉറപ്പാക്കുന്നതിനുള്ള മൊഡ്യൂൾ നിർമ്മാണം.** | വിഷയസമിതി, പി.ടി.എ | മെയ് | 5000 രൂപ | എസ്.എസ്.എ |
| **രക്ഷിതാക്കളുടെ ശാക്തീകരണം** | അധ്യാപകൻ | ജൂൺ | 1500 രൂപ | പി.ടി.എ, പഞ്ചായത്ത് തല വിഷയ സമിതി എസ്.എസ്.എ |
| **മോണിറ്ററിംഗ്** | എച്ച്.എം, പി.ടി.എ | ജൂൺ - മാർച്ച് | | പി.ടി.എ, എസ്.എസ്.എ |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : സാമൂഹികം**

**പ്രശ്നം :**

1. നിലവിലെ സാമൂഹികപ്രശ്നങ്ങൾ, വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി സംഘങ്ങൾ, എസ്.എം.സി, വിദ്യാലയ വികസനസമിതി ഇവ കാര്യക്ഷമമാക്കാൻ കഴിയുന്നില്ല.
2. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടാൻ സാധിക്കുന്നില്ല.
3. വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
4. റിസോഴ്സ് മാപ്പിംഗ് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണം | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| വിദ്യാലയത്തിലെ നിലവിലുള്ള എസ്.എം.സി, വിദ്യാലയ വികസനസമിതി, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുന്നില്ല | സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് ബോധവത്ക്കരണ ക്ലാസ് എന്നിവ വിദ്യാലയത്തിൽ നടത്തുക, സ്കൂൾ ലൈബ്രറി, രക്ഷിതാക്കൾക്കും നാട്ടുകാർക്കും കൂടി പ്രയോജനപ്പെടുത്തുക. | വിദ്യാലയത്തിലെ എസ്.എം.സി, വിദ്യാലയ വികസനസമിതി, പൂർവ്വവിദ്യാർത്ഥി സംഘടന തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയത്തിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഉദാ: പച്ചക്കറികൃഷി, സോപ്പ് നിർമ്മാണം, ഭക്ഷ്യമേളകൾ , ഹെൽത്ത് ക്ലാസ്സുകൾ. |
| വിദ്യാലയ മികവുകൾ പൊതുസമൂഹത്തിലേക്ക് വേണ്ട വിധത്തിൽ എത്തിക്കുവാൻ സാധിക്കുന്നില്ല | രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ | സാമൂഹിക രാഷ്ട്രീയ സാംസ്കാരികരംഗങ്ങളിലെ പ്രവർത്തകരെ വിദ്യാലയ പുരോഗമന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക. |
| വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല | വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ | വിദ്യാലയത്തിൽ മെഡിക്കൽ ക്യാമ്പ്, ഹെൽത്ത് ക്ലാസ്, വായനാസൗകര്യം എന്നിവ ഏർപ്പെടുത്തുക. |

## പരിഹാരപ്രവർത്തനങ്ങൾ

1. അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം മുമ്പത്തേക്കാൾ ദൃഢമാക്കുക.
2. സാമൂഹിക, സാംസ്കാരിക, മാധ്യമപ്രവർത്തകരുമായി നല്ല ബന്ധം സ്ഥാപിക്കൽ.
3. സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ, ബോധവത്കരണക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

## പ്രവർത്തനപദ്ധതി വിശകലനം

### മേഖല : സാമൂഹികം

**പ്രശ്നം** : വിദ്യാലയത്തിൽ നിലവിലുള്ള എസ്.എം.സി, വികസനസമിതി, ഒ.എസ്.എ എന്നീ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല.

### പ്രവർത്തനം : 1

എസ്.എം.സി, വികസനസമിതി, ഒ.എസ്.എ എന്നിവയുടെ വിദ്യാലയവുമായുള്ള ബന്ധം കാര്യക്ഷമമാക്കുക.

**ലക്ഷ്യം** : വിദ്യാലയത്തിലെ എസ്.എം.സി, വികസനസമിതി, ഒ.എസ്.എ തുടങ്ങിയവ കാര്യക്ഷമമാക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സമിതി രൂപീകരണം | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| ആശയരൂപീകരണം | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ പ്രാതിനിധ്യം നൽകൽ. | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| നടപ്പാക്കൽ | എച്ച്.എം, എസ്.എം.സി, വികസനസമിതി | ജൂൺ | 1000 രൂപ | പി.ടി.എ |

## പ്രവർത്തനം : 2

സാമൂഹിക, സാംസ്കാരിക, മാധ്യമപ്രവർത്തകരെ വിദ്യാലയത്തിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെടുത്തുക.

### ലക്ഷ്യം

വിദ്യാലയത്തിന്റെ മികവുകൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **സമിതി രൂപീകരണം** | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| **ആശയരൂപീകരണം** | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| **എസ്.എം.സി, ഒ.എസ്.എ വികസനസമിതി എന്നീ സംഘടനകളുടെ പ്രാതിനിധ്യത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.** | എസ്.എം.സി, വികസനസമിതി | മെയ് | 2000 രൂപ | പി.ടി.എ |

## പ്രവർത്തനം : 3

വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി ഫലപ്രദമായി ഉപയോഗപ്പെടുത്തൽ.

**ലക്ഷ്യം**

വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സമിതി രൂപീകരണം | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ. ഉദാ: ലൈബ്രറി, സ്റ്റേജ് | എസ്.എം.സി, വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| മോണിറ്ററിംഗ് | എച്ച്.എം, പി.ടി.എ വികസനസമിതി | ആഗസ്റ്റ് | | പി.ടി.എ |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : ഐ.ടി.**

**പ്രശ്നം :**

1. ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികളുടെ അഭാവം.
2. അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന ക്ലാസ്മുറിയുടെ അഭാവം.
3. റിസോഴ്സ് റൂം എന്ന നിലയിലുള്ള സ്റ്റാഫ് റൂമിന്റെ അഭാവം.
4. ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലാബിന്റെ അഭാവം.

| പ്രശ്ന കാരണം | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറി ഇല്ലാത്തത്. | എല്ലാ ക്ലാസ് മുറികളും ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികളുടെ സൗകര്യം. | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ത്രിതല പഞ്ചായത്ത് എന്നിവരുടെ സഹായത്തോടെ ഹൈടെക് ക്ലാസ്മുറികളുടെ നിർമ്മാണം. |
| അക്കാദമിക നിലവാരം പുലർത്തുന്ന വിധത്തിലുള്ള സൗകര്യപ്രദമായ ഓഫീസ് മുറിയുടെ അഭാവം. | ആധുനിക സൗകര്യങ്ങളോടെ വിദ്യാലയത്തിൽ ഓഫീസ് മുറി നിർമ്മിക്കൽ. | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ത്രിതല പഞ്ചായത്ത് എന്നിവരുടെ സഹായത്തോടെ ഓഫീസ് മുറി നിർമ്മാണം. |
| ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച സ്റ്റാഫ് റൂമിന്റെ അഭാവം. | റിസോഴ്സ് റൂം എന്ന നിലയിലുള്ള സ്റ്റാഫ്റൂം നിർമ്മിക്കൽ. | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ത്രിതല പഞ്ചായത്ത് എന്നിവരുടെ സഹായത്തോടെ സ്റ്റാഫ്റൂം നിർമ്മാണം. |
| ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലാബിന്റെ അഭാവം. | കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാനാവശ്യമായ ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മിക്കൽ. | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ത്രിതല പഞ്ചായത്ത് എന്നിവരുടെ സഹായത്തോടെ കമ്പ്യൂട്ടർ ലാബ് നിർമ്മാണം. |

## പരിഹാരപ്രവർത്തനങ്ങൾ

1 എല്ലാ ക്ലാസ് മുറികളും ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദപരവുമായ ക്ലാസ്മുറികൾ നിർമ്മിക്കൽ.

2. ആധുനിക സൗകര്യങ്ങളോടെയുള്ള ഓഫീസ് മുറി നിർമ്മിക്കൽ.

3. ആധുനിക സൗകര്യങ്ങളോടെയുള്ള സ്റ്റാഫ്റൂം നിർമ്മിക്കൽ.

4. പഠനനിലവാരം ഉയർത്തുവാനായി ഹൈടെക് രീതിയിൽ നിർമ്മിച്ച കമ്പ്യൂട്ടർ ലാബ്.

## പ്രവർത്തനപദ്ധതി വിശകലനം

### മേഖല : ഐ.ടി.

**പ്രശ്നം** : ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദപരവുമായ ക്ലാസ് മുറി ഇല്ലാത്തത്.

### പ്രവർത്തനം : 1

എം.എൽ.എ, എം.പി, ത്രിതലപഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ഹൈടെക് രീതിയിൽ ക്ലാസ്മുറികൾ നിർമ്മിക്കൽ.

**ലക്ഷ്യം** : കുട്ടികളിൽ വിവര സാങ്കേതികവിദ്യ വളർത്തുന്നതിനായി ക്ലാസ്മുറികൾ ഹൈടെക് രീതിയിൽ നിർമ്മിക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 1500 രൂപ | പി.ടി.എ |
| എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ഹൈടെക് രീതിയിൽ ക്ലാസ്മുറികളുടെ നിർമ്മാണം. | എച്ച്.എം. വികസനസമിതി പി.ടി.എ | മെയ് | 500000 രൂപ<br>1000 രൂപ | എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ത്രിതല പഞ്ചായത്ത് |
| മോണിറ്ററിംഗ് | എച്ച്.എം. പി.ടി.എ എം.എൽ.എ. | ജൂൺ | | |

## പ്രവർത്തനം : 2

ഹൈടെക് രീതിയിൽ ഓഫീസ് റൂം നിർമ്മാണം.

### ലക്ഷ്യം

അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന ഓഫീസ് റൂം നിർമ്മിക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 1500 രൂപ | പി.ടി.എ |
| എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ഹൈടെക് രീതിയിൽ ഓഫീസ് മുറിയുടെ നിർമ്മാണം. | എച്ച്.എം. വികസനസമിതി പി.ടി.എ | മെയ് | 300000 രൂപ | എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത് |
| മോണിറ്ററിംഗ് | എച്ച്.എം., പി.ടി.എ. എം.എൽ.എ | ജൂൺ | - | - |

## പ്രവർത്തനം : 3

ഹൈടെക് രീതിയിൽ സ്റ്റാഫ് റൂം നിർമ്മാണം.

### ലക്ഷ്യം

അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന സ്റ്റാഫ് റൂം നിർമ്മിക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 1500 രൂപ | പി.ടി.എ |
| എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ആധുനിക രീതിയിലുള്ള സ്റ്റാഫ്റൂം നിർമ്മാണം. | എച്ച്.എം. വികസനസമിതി പി.ടി.എ | ജൂൺ | 200000 രൂപ | എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത് |
| മോണിറ്ററിംഗ് | എച്ച്.എം., പി.ടി.എ. എം.എൽ.എ | ജൂൺ | - | - |

## പ്രവർത്തനം : 4

ആധുനിക സൗകര്യത്തോടെ കമ്പ്യൂട്ടർ ലാബ് നിർമ്മാണം.

### ലക്ഷ്യം

അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന കമ്പ്യൂട്ടർ ലാബ് നിർമ്മിക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 1500 രൂപ | പി.ടി.എ |
| ആധുനിക സൗകര്യത്തോടെയുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മാണം. | എച്ച്.എം. വികസനസമിതി പി.ടി.എ | ജൂൺ | 300000 രൂപ | എം.എൽ.എ., എം.പി, ത്രിതല പഞ്ചായത്ത് |
| മോണിറ്ററിംഗ് | എച്ച്.എം., പി.ടി.എ. എം.എൽ.എ | ജൂൺ | - | - |

## പ്രശ്നവിശകലനം

മേഖല : അക്കാദമികം  ഉപമേഖല : ജൈവവൈവിധ്യം

പ്രശ്നം :

1. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി തുടക്കം കുറിച്ച ജൈവ വൈവിധ്യപാർക്കിന്റെ അഭാവം.
2. വിദ്യാലയത്തിൽ പ്രകൃതിദത്തമായ കാറ്റും വെളിച്ചവും ഓരോ മുറിയിലും ലഭിക്കുന്നതിനുള്ള ക്രമീകരണമില്ലായ്മ.
3. ജൈവ കൃഷിയിടത്തിന്റെ അഭാവം.

| പ്രശ്ന കാരണം | പരിഹാരനിർദ്ദേശം | പദ്ധതി/പ്രവർത്തനം |
|---|---|---|
| ജൈവവൈവിധ്യപാർക്കിന്റെ അഭാവം മൂലം പരിസ്ഥിതി സൗഹൃദമാക്കിക്കൊണ്ടും വിദ്യാഭ്യാസം സാധ്യമാക്കുന്നില്ല. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനം പരിസ്ഥിതി സൗഹൃദമാക്കുവാനായി ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക. | ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ. |
| കുട്ടികൾക്ക് പഠനം ആസ്വാദ്യകരവും ആരോഗ്യപരവും ആക്കുന്നതിനായി ക്ലാസ് മുറികൾ കാറ്റും വെളിച്ചവും ലഭിക്കുന്ന വിധത്തിൽ നിർമ്മിക്കാൻ സാധിക്കാത്തത്. | ശുദ്ധവായുവും വെളിച്ചവും ലഭിച്ചുകൊണ്ടുള്ള ആസ്വാദ്യകരമായ രീതിയിലുള്ള പഠനം കുട്ടികൾക്ക് ലഭിക്കുന്നതിനായി ക്ലാസ്മുറികൾ ഹൈടെക് രീതിയിൽ നിർമ്മിക്കുക. | എം.എൽ.എ, എം.പി. ഫണ്ടുകളുടെ സഹായത്താൽ |
| എല്ലാ കുട്ടികൾക്കും വിഷരഹിത പച്ചക്കറികൾ ലഭിക്കുന്നതിനായി ജൈവകൃഷിയിടം വിദ്യാലയത്തിൽ ഇല്ലാത്തത്. | കൃഷിക്കാവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളോടുകൂടി വിദ്യാലയത്തിൽ കുറ്റമറ്റരീതിയിലുള്ള ജൈവ കൃഷി നടപ്പിലാക്കൽ. | ത്രിതല പഞ്ചായത്തിന്റേയും കൃഷിഭവന്റേയും സഹായത്താൽ ജൈവ കൃഷി നടപ്പിലാക്കുന്നു. |



23

23

## പരിഹാരപ്രവർത്തനങ്ങൾ

1. കുട്ടികൾക്ക് പഠനം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയത്തിൽ ജൈവവൈവിധ്യപാർക്ക് നിർമ്മിക്കുക.
2. വിദ്യാലയത്തിലെ മുഴുവൻ ക്ലാസ് മുറികളും ശുദ്ധവായുവും വെളിച്ചവും കിട്ടത്തക്ക രീതിയിൽ നിർമ്മിക്കുക.
3. വിഷരഹിത പച്ചക്കറി ലഭിക്കുന്നതിനായി ജൈവകൃഷി നടപ്പിലാക്കുക.

## പ്രവർത്തനപദ്ധതി വിശകലനം

### മേഖല : ജൈവവൈവിധ്യം

**പ്രശ്നം** : കുട്ടികൾക്ക് പഠനം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ജൈവ വൈവിധ്യപാർക്കിന്റെ അഭാവം.

### പ്രവർത്തനം : 1

ത്രിതലപഞ്ചായത്തുകളുടെ സഹായത്താൽ ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ.

**ലക്ഷ്യം** : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനം പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| **സമിതി രൂപീകരണം** | വിദ്യാലയ വികസനസമിതി, പി.ടി.എ | മെയ് | 1000 രൂപ | പി.ടി.എ |
| **ത്രിതലപഞ്ചായത്തിന്റെ സഹായത്തോടെ ജൈവ വൈവിധ്യപാർക്ക് നിർമ്മാണം.** | എച്ച്.എം., വിദ്യാലയ വികസനസമിതി, പി.ടി.എ | മെയ് | 50000 രൂപ | ത്രിതല പഞ്ചായത്ത് |
| **മോണിറ്ററിംഗ്** | എച്ച്.എം. | ജൂൺ, ജൂലായ് | - | - |





24

## പ്രവർത്തനം : 2

ശുദ്ധവായുവും വെളിച്ചവും ലഭിച്ചുകൊണ്ടുള്ള ആസ്വാദ്യകരമായ രീതിയിലുള്ള പഠനം ലഭിക്കുന്നതിനായി എം.എൽ.എ, എം.പി. ഫണ്ട് ഉപയോഗിച്ച് ക്ലാസ്മുറികൾ നിർമ്മിക്കുക.

**ലക്ഷ്യം**

കുട്ടികൾക്ക് പഠനം ആസ്വാദ്യകരവും ആരോഗ്യപരവും ആക്കുന്നതിനായി ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | പി.ടി.എ. | മെയ് | 1000 രൂപ | പി.ടി.എ |
| എം.എൽ.എ, എം.പി ഫണ്ട് ഉപയോഗിച്ച് ക്ലാസ് മുറികൾ നിർമ്മിക്കൽ. | വിദ്യാലയ വികസനസമിതി പി.ടി.എ | മെയ് | 300000 രൂപ | എം.എൽ.എ. എം.പി, |
| മോണിറ്ററിംഗ് | എച്ച്.എം. | ജൂൺ | - | - |

## പ്രവർത്തനം : 3

ത്രിതല പഞ്ചായത്തിന്റേയും കൃഷിഭവന്റേയും സഹായത്താൽ ജൈവകൃഷിയിടം നിർമ്മിക്കുക.

**ലക്ഷ്യം**

കുട്ടികൾക്ക് വിഷരഹിത പച്ചക്കറികൾ ലഭിക്കുന്നതിനായി.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | പി.ടി.എ. | മെയ് | 1000 രൂപ | പി.ടി.എ |
| ത്രിതല പഞ്ചായത്തിന്റേയും കൃഷിഭവന്റേയും സഹായത്താൽ ജൈവകൃഷിയിടം നിർമ്മിക്കൽ. | വിദ്യാലയ വികസനസമിതി പി.ടി.എ | മെയ് | 20000 രൂപ | ത്രിതല പഞ്ചായത്ത്, കൃഷിഭവൻ |
| മോണിറ്ററിംഗ് | എച്ച്.എം. കൃഷി ഓഫീസർ | ജൂലായ് | - | - |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : കലാ-കായികം**

പ്രശ്നം :

1. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കലാകായിക വിഷയങ്ങളിൽ പരിപൂർണ്ണമായ പരിശീലനം നൽകാൻ സാധിക്കുന്നില്ല.
2. സർഗ്ഗാത്മകവും ആരോഗ്യപരവുമായ വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നില്ല.
3. ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ അഭാവം.

| പ്രശ്ന കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| കലാകായിക പ്രവർത്തനങ്ങളിൽ പരിശീലനം നൽകാൻ പരിശീലനം ലഭിച്ച അധ്യാപകരുടെ അപര്യാപ്തത. | കലാകായിക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ കീഴിൽ പഠനം സാദ്ധ്യമാക്കാൻ അവസരം ഒരുക്കൽ. | പഞ്ചായത്ത് തലത്തിൽ നിശ്ചിത ദിവസങ്ങളിലായി മികച്ച പരിശീലകരുടെ സഹായത്താൽ പരിശീലനം നൽകൽ. |
| കുട്ടികളുടെ അഭിരുചിക്കും കഴിവിനും അനുസരിച്ചുള്ള കലാകായിക വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നില്ല. | കുട്ടികളിൽ ആർജ്ജവമായിരിക്കുന്ന വ്യത്യസ്ത കഴിവുകൾ കാലേക്കൂട്ടി മനസ്സിലാക്കൽ. | രക്ഷിതാക്കൾക്ക് ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് ശില്പശാല ഒരുക്കൽ. |
| ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ അഭാവം. | കുട്ടികൾക്ക് ആവശ്യമായ കലാ കായിക പഠനവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സംവിധാനങ്ങളും പരിശീലകരുടെ സഹായത്തോടെ ഉപയോഗിക്കാൻ. | സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രവർത്തനം നടപ്പാക്കൽ. |


26
26

## പരിഹാരപ്രവർത്തനങ്ങൾ

1. പഞ്ചായത്തിന്റെ കീഴിൽ പരിശീലനം ലഭിച്ച കലാകായിക അദ്ധ്യാപകരുടെ ഇടപെടലുകളിലൂടെ മികച്ച ക്ലാസ്സുകൾ നൽകുന്നു.
2. വിദ്യാലയത്തിലെ മുഴുവൻ രക്ഷിതാക്കൾക്കും കലാകായിക പഠനത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ശില്പശാല സംഘടിപ്പിക്കുന്നു.
3. ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം, പരിശീലകരുടെ സഹായത്താൽ ഉപയുക്തമാക്കൽ.

## പ്രവർത്തനപദ്ധതി വിശകലനം

### മേഖല : കലാകായികം

**പ്രശ്നം** : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കലാകായിക വിഷയങ്ങളിൽ പരിപൂർണ്ണമായ പരിശീലനം നൽകാൻ സാധിക്കുന്നില്ല.

### പ്രവർത്തനം : 1

പഞ്ചായത്തിന്റെ കീഴിൽ നിശ്ചിത ദിവസങ്ങളിൽ മികച്ച പരിശീലകരുടെ സഹായത്താൽ പരിശീലനം നൽകൽ.

**ലക്ഷ്യം** : വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും കലാകായിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | - | പി.ടി.എ |
| വിദ്യാലയവുമായി ബന്ധപ്പെട്ടിട്ടുള്ള പഞ്ചായത്ത് അംഗങ്ങളുമായി ചർച്ച. | എച്ച്.എം., വിദ്യാലയ വികസനസമിതി | മെയ് | - | |



27

27

## പ്രവർത്തനം : 2

മുഴുവൻ രക്ഷിതാക്കൾക്കും ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചുള്ള ശില്പശാല ഒരുക്കൽ.

### ലക്ഷ്യം

മുഴുവൻ കുട്ടികൾക്കും അവരുടെ കഴിവിനനുസരിച്ചുള്ള കലാകായിക വിദ്യാഭ്യാസം ലഭിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | എച്ച്.എം, പി.ടി.എ, വിദ്യാലയ വികസനസമിതി | മെയ് | - | പി.ടി.എ |
| ശില്പശാല നടപ്പിലാക്കൽ | പി.ടി.എ, വികസനസമിതി, ഒ.എസ്.എ | മെയ് | 2000 രൂപ | ഒ.എസ്.എ, പി.ടി.എ, വിദ്യാലയ വികസനസമിതി |

## പ്രവർത്തനം : 3

ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കൽ.

### ലക്ഷ്യം

മുഴുവൻ വിദ്യാർത്ഥികൾക്കും ആധുനിക സംവിധാനങ്ങളുടേയും ഉപകരണങ്ങളുടേയും സഹായത്താൽ മികച്ച പരിശീലകരുടെ കീഴിൽ പരിശീലനം ലഭ്യമാക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | പി.ടി.എ,വിദ്യാലയ വികസനസമിതി | മെയ് | - | പി.ടി.എ |
| മികച്ച പരിശീലകരുടെ കീഴിൽ ആധുനിക സംവിധാനങ്ങൾ ഒരുക്കുകയും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യൽ. | പി.ടി.എ വിദ്യാലയ വികസനസമിതി | മെയ് | 30000 രൂപ | പി.ടി.എ വിദ്യാലയ വികസനസമിതി |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതം**

പ്രശ്നം :

1. നിത്യജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശകലനം നടത്താനോ പരിഹരിക്കാനോ, അടിസ്ഥാന ആശയങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാൽ സാധിക്കുന്നില്ല.
2. പ്രകൃതി ഒരു പാഠപുസ്തകം എന്ന രീതിയിൽ ക്ലാസ്സ് അന്തരീക്ഷവും സ്കൂൾ അന്തരീക്ഷവും ഗണിതമൂലകളും ഒരുക്കാൻ സാധിക്കുന്നില്ല.
3. സ്കൂളുകളിൽ ഗണിതപഠനം കാര്യക്ഷമമാക്കുന്നതിനുള്ള ഗണിത ലാബുകളോ ഗണിത പാർക്കോ ലൈബ്രറികളോ വിനിമയ സാങ്കേതികവിദ്യകളോ കാര്യക്ഷമമല്ല.

| പ്രശ്ന കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| കുട്ടികൾക്ക് അവരുടെ നിത്യജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. | പ്രശ്നപരിഹരണത്തിന് ആവശ്യമായ ലോക്കൽ ടെക്സ്റ്റ് തയ്യാറാക്കൽ, അടിസ്ഥാന ഗണിതശേഷികളുടെ മുന്നറിവ് പുതുക്കുകയും അവ ഉപയോഗിച്ച് നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക. | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.ആർ.ജി. |
| പ്രകൃതി ഒരു പാഠപുസ്തകം എന്ന രീതിയിൽ ക്ലാസ്സ് അന്തരീക്ഷവും സ്കൂൾ അന്തരീക്ഷവും ഗണിതമൂലകളും ക്രമീകരിക്കാൻ സാധിക്കുന്നില്ല. | ക്ലാസ്സിലും സ്കൂളുകളിലും ഗണിതപഠനാന്തരീക്ഷം ഒരുക്കൽ (ഗണിതലാബ്, ഗണിത പാർക്ക്) | ക്ലാസ് ടീച്ചർ, പി.ടി.എ. |
| ഗണിതപഠനം കാര്യക്ഷമമാക്കാൻ വിവര വിനിമയ സാങ്കേതികവിദ്യ, ഗണിത ലാബ്, ഗണിത ലൈബ്രറി കാര്യക്ഷമമായ ഇവ ഉപയോഗിക്കാൻ സാധിക്കുന്നില്ല. | ഗണിതപഠനം കാര്യക്ഷമമാക്കുന്നതിനായി വിവര വിനിമയ സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുക. | അദ്ധ്യാപകർക്ക് വിവര സാങ്കേതികവിദ്യയിൽ ശില്പശാല സംഘടിപ്പിക്കൽ |

## പരിഹാരപ്രവർത്തനങ്ങൾ

1. പ്രശ്നപരിഹരണത്തിന് ആവശ്യമായ ലോക്കൽ ടെക്സ്റ്റ് തയ്യാറാക്കി അടിസ്ഥാന ഗണിതശേഷി ഉപയോഗിച്ച് നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക.
2. ക്ലാസ്സുകളിലും സ്കൂളുകളിലും ഗണിതപഠനാന്തരീക്ഷം ഒരുക്കുക.
3. ഗണിതപഠനം കാര്യക്ഷമമാക്കുന്നതിനായി വിവര വിനിമയ സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുക.

## പ്രവർത്തനപദ്ധതി വിശകലനം

**മേഖല : ഗണിതം**

**പ്രശ്നം** : നിത്യജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശകലനം നടത്താനോ പരിഹരിക്കാനോ, അടിസ്ഥാന ആശയങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാൽ സാധിക്കുന്നില്ല.

**പ്രവർത്തനം : 1**

പ്രീടെസ്റ്റ്

**ലക്ഷ്യം** : എല്ലാ വിദ്യാർത്ഥികളുടേയും ഗണിതപഠനത്തിന്റെ നിലവിലെ അവസ്ഥ കണ്ടെത്തുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| **സമിതി രൂപീകരണം** | വിദ്യാലയ വികസനസമിതി | മെയ് | 500 രൂപ | പി.ടി.എ |
| **പ്രീടെസ്റ്റ്, ടൂൾ നിർമ്മാണം** | പി.ടി.എ, അധ്യാപകർ | മെയ് | 1000 രൂപ | പി.ടി.എ |
| **പ്രീടെസ്റ്റ് നടപ്പിലാക്കൽ** | അധ്യാപകർ | ജൂൺ | | |
| **മൂല്യനിർണ്ണയം** | അധ്യാപകർ | ജൂൺ | | പി.ടി.എ |
| **റിപ്പോർട്ട്** | അധ്യാപകർ | ജൂൺ | | |
| **മോണിറ്ററിംഗ്** | എച്ച്.എം പി.ടി.എ വികസനസമിതി | ജൂൺ | | |

## പ്രവർത്തനം : 2

സ്കൂളിലും ക്ലാസുകളിലും ഗണിത പഠനാന്തരീക്ഷം ഒരുക്കൽ

**ലക്ഷ്യം**

സ്കൂൾ ഒരു പാഠപുസ്തകം എന്ന സാദ്ധ്യത പ്രയോജനപ്പെടുത്തൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | ജൂൺ | | |
| ഗണിത പഠനാന്തരീക്ഷം സാധ്യതകൾ ആലോചനായോഗം. | പി.ടി.എ, വികസനസമിതി, അധ്യാപകർ | ആഗസ്റ്റ് | 1000 രൂപ | എസ്.എസ്.എ |
| ഓരോ ക്ലാസിലേയും പ്രധാന പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യൽ | അധ്യാപകർ | ആഗസ്റ്റ് | | എസ്.എസ്.എ |
| ഓരോ പഠനനേട്ടവും ആർജിക്കുന്നതിനായി അവശ്യം വേണ്ട സംവിധാനങ്ങൾ ലിസ്റ്റ് ചെയ്യൽ. | അധ്യാപകർ | സെപ്തംബർ | | എസ്.എസ്.എ |
| സ്കൂൾ ഒരു പാഠപുസ്തകം എന്ന സാദ്ധ്യത പ്രയോജനപ്പെടുത്തൽ | പി.ടി.എ വിദ്യാലയ വികസനസമിതി | സെപ്തംബർ | 50000 രൂപ | എം.എൽ.എ, എസ്.എസ്.എ |
| മോണിറ്ററിംഗ് | എച്ച്.എം, പി.ടി.എ വിദ്യാലയ വികസനസമിതി | സെപ്തംബർ, ഒക്ടോബർ | - | വിദ്യാലയ വികസനസമിതി |

## പ്രവർത്തനം : 3

ഗണിത പഠനം കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തൽ

### ലക്ഷ്യം

കുട്ടികൾക്ക് ഗണിതപഠനം കാര്യക്ഷമമാക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | വിദ്യാലയ വികസനസമിതി | മെയ് | 500 രൂപ | പി.ടി.എ |
| ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗണിത പഠനം. | അധ്യാപകർ | ജൂൺ | | |
| ഗണിതത്തിന്റെ ദീർഘകാല അടിസ്ഥാനം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ, ഗണിത ലാബ്, ഗണിത ലൈബ്രറി, ഗണിത ശാസ്ത്രപ്രതിഭകളെ സൃഷ്ടിക്കൽ | പി.ടി.എ വിദ്യാലയ വികസനസമിതി | 3 വർഷം | 50000 രൂപ | എം.എൽ.എ, പി.ടി.എ, വിദ്യാലയ വികസനസമിതി |
| മോണിറ്ററിംഗ് | എച്ച്.എം, വികസനസമിതി | | | |

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം** **ഉപമേഖല : ക്ലാസ് ലൈബ്രറി**

**പ്രശ്നം :**

1. നിലവാരത്തിനിണങ്ങുന്ന പുസ്തകങ്ങളുൾപ്പെടുത്തി ശാസ്ത്രീയമായി തയ്യാറാക്കിയ ലൈബ്രറിയോടുകൂടിയ അടച്ചുറപ്പുള്ള ക്ലാസ് മുറിയുടെ അഭാവം.
2. വിദ്യാലയത്തിലും ക്ലാസ് മുറിയിലും പത്രം, ആനുകാലികങ്ങൾ എന്നിവ ക്രമീകരിക്കാനുള്ള സൗകര്യമില്ലായ്മ.
3. കുട്ടികളിലെ സർഗ്ഗാത്മകത വളർത്താനുള്ള രചനാശില്പശാലകൾ സാഹിത്യകാരന്മാരുടെ സഹായത്താൽ സംഘടിപ്പിക്കുവാൻ സാധിക്കുന്നില്ല.

| പ്രശ്ന കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| കുറ്റമറ്റരീതിയിലുള്ള ലൈബ്രറിയോടുകൂടിയ അടച്ചുറപ്പുള്ള ക്ലാസ്മുറി ഇല്ലാത്തത്. | അടച്ചുറപ്പുള്ളതും നിലവാരത്തിനിണങ്ങുന്ന പുസ്തകങ്ങളുൾപ്പെട്ട ലൈബ്രറിയോടുകൂടി ക്ലാസ്മുറി നിർമ്മിക്കൽ. | എം.എൽ.എ, എം.പി. ത്രിതല പഞ്ചായത്ത് |
| പത്രം, ആനുകാലികങ്ങൾ എന്നിവ ക്രമീകരിക്കാനുള്ള സൗകര്യമില്ലാത്ത ക്ലാസ്മുറികൾ. | ക്ലാസ്മുറി ആധുനിക സൗകര്യത്തോടെ പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ലഭ്യതയോടെ നിർമ്മിക്കൽ. | എം.എൽ.എ, എം.പി. ത്രിതല പഞ്ചായത്ത് |
| കുട്ടികൾക്കായി രചനാ ശില്പശാലകൾ സംഘടിപ്പിക്കുവാൻ സാധിക്കുന്നില്ല. | കുട്ടികളുടെ നിലവാരമനുസരിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കൽ. | സന്നദ്ധ സംഘടനകൾ |

## പരിഹാരപ്രവർത്തനങ്ങൾ

- അടച്ചുറപ്പുള്ളതും നിലവാരത്തിനിണങ്ങുന്ന പുസ്തകങ്ങളുൾപ്പെട്ട ലൈബ്രറിയോടു കൂടി ക്ലാസ്മുറി നിർമ്മിക്കൽ.
- ക്ലാസ്മുറി ആധുനികസൗകര്യത്തോടെ പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ലഭ്യതയോടെ നിർമ്മിക്കൽ.
- കുട്ടികൾക്കായി ശില്പശാലകൾ സംഘടിപ്പിക്കൽ.

## പ്രവർത്തനപദ്ധതി വിശകലനം

### മേഖല : ക്ലാസ് ലൈബ്രറി

പ്രശ്നം : അടച്ചുറപ്പുള്ള നിലവാരത്തിനിണങ്ങുന്ന പുസ്തകങ്ങളുൾപ്പെട്ട ലൈബ്രറിയോടു കൂടിയ ക്ലാസ്മുറി ഇല്ലാത്തത്.

### പ്രവർത്തനം : 1

എം.എൽ.എ., എം.പി. ത്രിതല പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ക്ലാസ് മുറി നിർമ്മിക്കൽ.

ലക്ഷ്യം : സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കുള്ള പുസ്തകങ്ങളുടെ ഉപയോഗം ഉറപ്പാക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| **സമിതി രൂപീകരണം** | വിദ്യാലയ വികസനസമിതി, പി.ടി.എ | മെയ് | 1000 രൂപ | പി.ടി.എ |
| **എം.പി, എം.എൽ.എ., ത്രിതല പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ ക്ലാസ് ലൈബ്രറിയോടുകൂടിയ ക്ലാസ് റൂം നിർമ്മാണം.** | എച്ച്.എം., പി.ടി.എ, വികസനസമിതി | മെയ് | 100000 രൂപ | എം.പി., എം.എൽ.എ, ത്രിതല പഞ്ചായത്ത് |
| **മോണിറ്ററിംഗ്** | എച്ച്.എം, പി.ടി.എ എം.എൽ.എ, എം.പി | ജൂൺ | - | - |

## പ്രവർത്തനം : 2

പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ

**ലക്ഷ്യം**

കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം | എച്ച്.എം, പി.ടി.എ. വികസനസമിതി | മെയ് | 1000 രൂപ | പി.ടി.എ |
| സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കൽ | പി.ടി.എ, വികസനസമിതി | മെയ് | | സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ |
| മോണിറ്ററിംഗ് | എച്ച്.എം, പി.ടി.എ | ജൂൺ | | |

## പ്രവർത്തനം : 3

കുട്ടികൾക്കായി ശില്പശാല സംഘടിപ്പിക്കൽ

**ലക്ഷ്യം**

സർഗ്ഗാത്മകത പ്രവർത്തനങ്ങൾ നടത്താൻ കുട്ടികളിൽ താല്പര്യം ജനിപ്പിക്കൽ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| സമിതി രൂപീകരണം ആലോചനായോഗം | വിദ്യാലയ വികസനസമിതി | ജൂലായ് | 2000 രൂപ | പി.ടി.എ, വിദ്യാലയ വികസനസമിതി |
| കവിതാ ശില്പശാല | വിദ്യാലയ വികസനസമിതി | ആഗസ്റ്റ് | 2000 രൂപ | പി.ടി.എ, വിദ്യാലയ വികസനസമിതി |
| പാഠപുസ്തകത്തിലെ കഥ, കവിത, നാടകം ഇവയെ അടിസ്ഥാനമാക്കിയുള്ള ശില്പശാല | വിദ്യാലയ വികസനസമിതി | സെപ്തംബർ | 3000 രൂപ | പി.ടി.എ, വിദ്യാലയ വികസനസമിതി |
| മോണിറ്ററിംഗ് | എച്ച്.എം, പി.ടി.എ | ജൂലായ് സെപ്തംബർ | | |

All activities irrespective of thier location, should have teachers who understand their language and culture and thus can improve their learning. Yet in many counties, children are taught in languages they do not speak at home.

Speaking a ministry language can be a source of disadvatage. While the langues a child speak at home is often a crucial element of personal indentity and group attachment, language can be protent source of diaadvanatage at school because in many countries children are taught and take tests in languages they do not understand.

## SPOKEN LANGUAGE COMES NATURALLY BEFORE READING AND WRITING

Many schools teach enlgish by role which result in students who are very good and spelling and who know many grammer rules, but not many of than can actually use english in a real situation.

When speaking english, it is important the students are not afraid to make a mistake sometimes, when we ask a student a question they hesitate for what seems like a long time. This could be for me of four reasons - Didn't understand the question, didn't hear the question properly, didn't know how to reply or were just afraid to a mistake. The important thing is that the students are 'warming up' and are getting used to speaking english in a relaxed atmosphere.

## HOW CHILDREN LEARN ENGLISH AS ANOTHER LANGUAGE

Children learn language naturally and unconsiouly. They have the ability to initate pronounciation and work out the rules for themselves. Any idea to talk in English is difficult does not occur to them unless its suggested by adults, who themselves probably learned English academically at a later age through grammer based text books.



36

36

THE ADVANTAGES OF BEGINNING EARLY

Children are still using their individual, iniate languague. Learning stratergies to acquire their home language and soon find they can also use these strategies to pick up English.

They have time to learn through play like activities. They pick up language by taking part in an activity shared with an adult. They firstly mistakes understand and make sense of the activity and then get meaning from the adults shared language.

They have more time to fit english invidualiity.

The have opportunity.

They acquire rather than conciously learn it. Begining to talk and building up english language.

PARENTAL SUPPORT

By sharing parents cannot only bring, their child's language and activities into family life, but can also influence their children's attitudes to language learning to other activities.





37

| Time | Activities | Charge | Fund | Remarks |
|---|---|---|---|---|
| 1 day in April / 5 days | **Spoken English class for parents and teachers**<br>Parent gives more importance for children's education and english medium. So they sent their children at unaided schools. Parents can't learning enligh own children. Teachers and parents have bindle collection of voccabulary, spelling, grammer also. But also lack of confidence a difficult thing now also. So a small support ca a big confidence. | HM, PTA President | PTA Fund | |
| 2 days im May | **Silpasala to parents**<br>A silpasala can different discusses introducing it useful for knowing how their children learning the second langugage<br>• Description<br>• Coreography<br>• Story Making<br>• Song | HM, PTA | Punchayath Fund | |
| Opening day | **Pravesanolsavam**<br>Story telling, self introduction, music, damce | HM, PTA | Teacher Fund | |
| June 2 - 4 | Making picture cards, work cards etc, introducting enlish newspaper Hindi drawing and painting product. i.e, wall magazine, Magazine, Sentence cards. | HM, PTA | Teacher Fund | |
